## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ഡോ.എം.ഗീതയ്ക്ക് ഓഫീസ് ഇതര സമയങ്ങളിൽ ഔദ്യാഗിക കൃത്യനിർവ്വഹണത്തെ ബാധിയ്ക്കാതെയും പ്രതിഫലം കൈപ്പറ്റാതെയും ഹോമിയോപതി പ്രാക്ടീസ് നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1707/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 21/05/2016

---

പരാമർശം : 1. ഡോ.എം.ഗീതയുടെ അപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 01.04.2014 ലെ ഇ 5-4248/2014 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ഡോ.എം.ഗീതയ്ക്ക് ഓഫീസ് ഇതര സമയങ്ങളിൽ ഔദ്യാഗിക കൃത്യനിർവ്വഹണത്തെ ബാധിയ്ക്കാതെയും പ്രതിഫലം കൈപ്പറ്റാതെയും ഹോമിയോപതി പ്രാക്ടീസ് നടത്തുന്നതിന് അനുമതിയ്ക്കായി പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ വ്യാപാരം. വ്യവസായം, മറ്റ് തൊഴിലുകൾ എന്നിവയിൽ നേരിട്ടോ പരോക്ഷമായോ സർക്കാർ ജീവനക്കാരാരും തന്നെ ഏർപ്പെടാൻ പാടില്ലാത്തതാണ്. ഈ ചട്ടത്തിന്റെ ഒന്നാം പ്രൊവിസോ പ്രകാരം കലാ, സാഹിത്യ, സാംസ്കാരിക, ശാസ്ത്ര രംഗങ്ങളിൽ പ്രതിഫലം പറ്റാതെയും ഔദ്യാഗിക കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് അനുവാദം ഉണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്നപക്ഷം അത്തരം പ്രവർത്തനങ്ങളിൽ തുടരാതിരിക്കേണ്ടതുമാണ്. പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്ത് വരുന്ന ഡോ.എം.ഗീതയ്ക്ക് പ്രൊഫഷണൽ ഡിഗ്രിയും രജിസ്ട്രേഷനുമുണ്ട്.

3. മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ഡോ.എം.ഗീതയുടെ അപേക്ഷയും പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച് ടിയാൾക്ക് ഓഫീസ് ഇതര സമയങ്ങളിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തെ ബാധിയ്ക്കാതെയും പ്രതിഫലം കൈപ്പറ്റാതെയും ഹോമിയോപതി പ്രാക്ടീസ് നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല.സി.എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡോ.എം.ഗീത, സീനിയർ ക്ലാർക്ക്, പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഉദ്യാഗസ്ഥഭരണപരിഷ്കാര വകുപ്പ് ( 04.06.2014 ലെ 10835/ബി2/2014/ഉഭപവ നമ്പർ കുറിപ്പ്)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (01.02.2016 ലെ28483/ബി3/2014/ആയുഷ് നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/22/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ